# പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ജൂലൈ 30, വെള്ളി

നിയമസഭ രാവിലെ 9.00-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി രാജിവയ്ക്കാത്തതിൽ പ്രതിഷേധിച്ച് ചോദ്യകർത്താക്കൾ (*181)-ാം നമ്പർ ചോദ്യം ഉന്നയിക്കാതെ മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ അടുത്ത ചോദ്യത്തിലേയ്ക്ക് കടന്നു.)

16(*182 & *197) <u>പട്ടികഗോത്ര-പട്ടികജാതി വിഭാഗങ്ങൾക്ക് ആധുനിക വിദ്യാഭ്യാസം</u>

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, പട്ടികഗോത്ര

വിഭാഗങ്ങളിലുൾപ്പെട്ട വിദ്യാർത്ഥികൾക്കായി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഉന്നത പഠന നിലവാരം ഉറപ്പുവരുത്തുന്നതിന് വിദ്യാഭ്യാസാനുകൂല്യങ്ങളും സ്കോളർഷിപ്പുകളും നൈപുണ്യ വികസന പരിശീലനങ്ങളും നൽകിവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. എഞ്ചിനീയറിംഗ് കോഴ്സിൽ പരാജയപ്പെട്ടവർക്കും പഠനം പൂർത്തിയാക്കാൻ കഴിയാത്തവർക്കുമായി "സമുന്നതി" (Remedial coaching) പദ്ധതി നടപ്പാക്കുകയും എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി സ്റ്റുഡന്റ്സ് കൗൺസിലർമാരുടെയും പാർട്ട് ടൈം ട്യൂട്ടർമാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. പട്ടികവർഗ്ഗ പ്രീമെട്രിക്-പോസ്റ്റ്മെട്രിക്/മൾട്ടി പർപ്പസ് ഹോസ്റ്റൽ, എം.ആർ.എസ്. എന്നിവയുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും ഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഹോസ്റ്റലുകളിൽ കുട്ടികളുടെ മാനസികോല്ലാസത്തിനായി ടെലിവിഷനും സുരക്ഷയ്ക്കായി അഗ്നിപ്രതിരോധ സംവിധാനം, സി.സി.റ്റി.വി. എന്നിവയും പകർച്ച

വ്യാധികൾ വ്യാപിക്കുന്നത് തടയുന്നതിന് ബയോഹസാർഡ് സ്പിൽകിറ്റും സ്ഥാപിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി സ്പെഷ്യൽ ട്രെയിനിംഗ് സെന്റർ മുഖേന ബ്രിഡ്ജ് കോഴ്സ് സംഘടിപ്പിച്ചുവരുന്നുണ്ടെന്നും. പട്ടികജാതി വികസന വകുപ്പിൽനിന്നും അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്, പ്രീമെട്രിക് സ്കോളർഷിപ്പ്, മോഡൽ റസിഡൻഷ്യൽ സ്കൂൾ, സബ്സിഡൈസ്ഡ് ഹോസ്റ്റൽ, പ്രൈവറ്റ് അക്കോമഡേഷൻ, ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ്, റാങ്ക് ജേതാക്കൾക്ക് സ്വർണമെഡൽ, സ്റ്റെതസ്കോപ്പ് വിതരണം, ബിരുദ/ബിരുദാനന്തര ബിരുദ കലാ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠന പരിശീലനോപകരണങ്ങൾ/ഉപാധികൾ വാങ്ങുന്നതിന് ധനസഹായം എന്നിവ നൽകുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും സാമൂഹ്യപഠനമുറി, ഗോത്രബന്ധു, ഗോത്രസാരഥി, രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം, സ്കോളർഷിപ്പ്/ഗ്രാന്റ്, 6. 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക കേന്ദ്ര സഹായ സ്കോളർഷിപ്പ്, സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. എല്ലായിടത്തും ഇന്റർനെറ്റ് കണക്ഷൻ ലഭ്യമാക്കുന്നതിനും

മുഴുവൻ വിദ്യാർത്ഥികൾക്കും ഡിജിറ്റൽ പഠനോപകരണങ്ങൾ നൽകുന്നതിനും നടപടി സ്വീകരിക്കുകയും വിദ്യാർത്ഥികൾക്ക് വിദേശത്തുൾപ്പെടെ ഉന്നതപഠനം നടത്തുന്നതിന് സൗകര്യമേർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എസ്.സി./എസ്.ടി. വിഭഗത്തിൽപ്പെട്ട കുട്ടികൾക്ക് പി.എച്ച്.ഡി ചെയ്യുന്നതിന് വയസ്സിളവ് അനുവദിക്കുന്നതു സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് തീരുമാനമെടുക്കും. ലക്ഷംവീട് കോളനികളിലെ ഒറ്റ വീടുകൾ ഇരട്ടവീടുകളാക്കി മാറ്റി വിദ്യാർത്ഥികൾക്ക് കൂടുതൽ പഠന സൗകര്യങ്ങളൊരുക്കുമെന്നും വകുപ്പിനുകീഴിലുള്ള ഐ.ടി.ഐ.-കൾ കാലാനുസൃതമായി പരിഷ്കരിച്ച് കൂടുതൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു. പഠന മുറികൾ വ്യാപകമാക്കുന്നതിനും കാസർഗോഡ് ഉദുമയിൽ റെസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിനും ഉള്ളാട സമുദായത്തിന്റെ ഉന്നമനത്തിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി രാജി വയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം വിളിച്ച് ചോദ്യോത്തരവേള തടസ്സപ്പെടുത്തുകയും തുടർന്നുള്ള സഭാനടപടികൾ

ബഹിഷ്കരിക്കുകയും ചെയ്തു.)

17 (*183) വിദ്യാവനം പദ്ധതി

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, വിദ്യാർത്ഥികളുടെയും രക്ഷാകർത്താക്കളുടെയും പങ്കാളിത്തത്തോടെ വിദ്യാലയങ്ങളിൽ 'വിദ്യാവനം പദ്ധതി' വ്യാപിപ്പിക്കുന്നതാണെന്നും മാതൃകാപരമായി വൃക്ഷപരിപാലനം നടത്തുന്ന വിദ്യാലയങ്ങൾക്ക് സംസ്ഥാനതല അവാർഡുകൾ നൽകുന്ന കാര്യം പരിഗണനയിലാണെന്നും സ്ഥാപനവനവൽക്കരണത്തിന്റെ ഉത്തരവാദിത്തം അതാത് സ്ഥാപനങ്ങളിൽ നിക്ഷിപ്തമാക്കുമെന്നും സഭയെ അറിയിച്ചു. വന്യജീവി ആക്രമണംമൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നിശ്ചയിക്കുന്ന മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം കൃഷിവകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. വനസംരക്ഷണ മേഖലയിലെ കാഷ്വൽ ജീവനക്കാർക്ക് കൂടുതൽ സഹായങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമെന്നും വികസനവുമായി ബന്ധപ്പെട്ട് മുറിക്കുന്ന മരങ്ങൾക്കുപകരം വൃക്ഷത്തൈകൾ നട്ടുവളർത്തി സംരക്ഷണം ഉറപ്പുവരുത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

18 (*184) <u>മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ക്ഷേമം</u>

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) നൽകിയ മറുപടിയിൽ, മത്സ്യ അനുബന്ധ മേഖലയെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് തൊഴിലും, സ്ഥിരവരുമാനവും ഉറപ്പുവരുത്തുന്നതിന് സാഫ്, മത്സ്യഫെഡ് തുടങ്ങിയ ഏജൻസികൾ മുഖേനയും ഫിഷറീസ് വകുപ്പ് നേരിട്ടും വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകളെ കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിൽ നിന്നും മുക്തരാക്കുന്നതിന് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ ആരംഭിച്ചിട്ടുണ്ടെന്നും മത്സ്യബോർഡിൽ രജിസ്റ്റർ ചെയ്ത മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സാഫ് തീരമൈത്രി പദ്ധതി മുഖേന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മത്സ്യത്തൊഴിലാളി വനിതകളുടെ 5 പേരടങ്ങുന്ന ഒരു യൂണിറ്റിന് 5 ലക്ഷം രൂപ വരെ ഗ്രാന്റും ചാക്രികമൂലധന സഹായമായി പലിശരഹിത വായ്പയും അനുവദിച്ചുവരുന്നു. ഇവരുടെ സുസ്ഥിര ജീവിത നിലവാരം ഉറപ്പുവരുത്തുന്നതിന് ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക്

50,000/- രൂപ വീതം നൽകുകയും 3.30 കോടി രൂപയുടെ ഒരു പദ്ധതി ഈ വർഷം കൊണ്ടുവരികയും കൊല്ലം, ആലപ്പുഴ ജില്ലകളിലായി 2.39 കോടി രൂപയുടെ പ്രോജക്ട് പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. സാഫ് മുഖേന നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് 15 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ യാത്രയ്ക്കായി സമുദ്ര സ്പെഷ്യൽ കെ.എസ്.ആർ.ടി.സി ബസ് സർവ്വീസുകൾ ആരംഭിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.